**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1270** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>വസ്തുതരംമാറ്റൽ വേഗത്തിലാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** അർഹതപ്പെട്ടവർക്ക് ഭൂമി തരം മാറ്റുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടതും, വീട് അനുവദിച്ചു നൽകിയതുമായ കേസുകൾ; ഗുരുതര രോഗങ്ങൾക്ക് ഭൂമി വിൽക്കേണ്ട അല്ലെങ്കിൽ വായ്പയെടുക്കേണ്ട ആവശ്യങ്ങൾ; വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ഭൂമി വിൽക്കേണ്ട അല്ലെങ്കിൽ വായ്പയെടുക്കേണ്ട ആവശ്യങ്ങൾ; അനുകമ്പാർഹമായ മറ്റു സാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകൾക്ക് മുൻഗണന നൽകി തീർപ്പാക്കി വരുന്നുണ്ട്. കൂടാതെ സർക്കാരിന്റെ നൂറു ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 50,000-ത്തിൽധികം എണ്ണം ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

**(ബി)** ഭൂമി തരം മാറ്റത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് കൂടുതൽ ജീവനക്കാരെ പുനർവിന്യസിക്കുന്നതിനോ കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഭൂമി തരം മാറ്റത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് കൂടുതൽ ജീവനക്കാരെ പുനർവിന്യസിക്കുന്നതിനോ, കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിനോ ഉള്ള നടപടി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**(സി)** ഭൂമി തരം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ഭൂമി തരം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**